**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത **11.02.2020 ൽ**

നിയമസഭാ ചോദ്യം നമ്പർ : **2058** **മറുപടിയ്ക്ക്**

**മട്ടാഞ്ചേരി കോടതിക്കെട്ടിടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) 18.01.2015-ൽ ആഭ്യന്തരവകുപ്പ് 570 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർമ്മാണ പ്രവൃത്തികൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമായ മട്ടാഞ്ചേരി കോടതിക്കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതിയും അംഗീകാരവും ലഭ്യമാക്കാത്തതിനാൽ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 26.04.2016 ൽ ആർക്കിയോളജി വകുപ്പിൽ നിന്നും ലഭിച്ച സ്റ്റോപ്പ് മെമ്മോയുടെ അടിസ്ഥാനത്തിൽ നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) പ്രസ്തുത കെട്ടിടത്തിന് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) നിർമ്മാണ പ്രവൃത്തി നിർത്തി വെച്ചതിനു ശേഷം ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടില്ല. |
| (സി) കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പും, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും പുതുക്കിയ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം പൊതുമരാമത്ത് വകുപ്പും ആർക്കിയോളിക്കൽ സർവ്വേ ഓഫ് ഇന്ത്യയും പുതുക്കിയ പദ്ധതിയൊന്നും സമർപ്പിച്ചിട്ടില്ല. |
| (ഡി) പുനരുദ്ധാരണപ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ? | (ഡി) ആർക്കിയോളജിക്കൽ സർവ്വേയിൽ നിന്നും അനുമതി ലഭിച്ച ശേഷമേ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ